പഞ്ചായത്തുകൾ പുനഃസ്ഥാപിക്കാൻ നടപടി

5 [*152] ശ്രീ. കെ. വി. മോഹനൻ :

ഡോ: കെ. സി. ജോസഫ് :

,, എ. നീലലോഹിതദാസൻ നാടാർ :

ശ്രീ. സി. കെ. നാണു :

,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനുകളോടും മുനിസിപ്പാലിറ്റികളോടും ചേർത്തിരുന്ന പഞ്ചായത്തുകൾ പ്രസ്തുത കോർപ്പറേഷനുകളിൽ നിന്നും വേർപെടുത്തി പുനഃസ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീരുമാനം കൈക്കൊള്ളുന്നതിന് സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്താമോ ;

(സി) ഇതിന്റെ ഫലമായി സംസ്ഥാനത്ത് പുതുതായി എത്ര പഞ്ചായത്തുകൾ നിലവിൽവരും ; അവ ഏതെല്ലാം ;

(ഡി) ജനസംഖ്യാടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുനർ വിഭജനം നടത്തുന്നതിന്റെ ഫലമായി എത്ര പഞ്ചായത്തുകൾ നിലവിൽവരും ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(ഇ) വാർഡുകളുടെ പുനഃസംഘടനാ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് കാലത്ത് മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമായി ലയിപ്പിച്ചിരുന്ന ഗ്രാമപഞ്ചായത്തുകളിൽ വേർപെടുത്തുവാൻ തീരുമാനിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടിച്ചേർത്തിരുന്ന കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയുടെ പേര്	വേർപെടുത്തുന്ന ഗ്രാമപഞ്ചായത്തിന്റെ പേര്	ജില്ല
തിരുവനന്തപുരം	ആറ്റിപ്ര,	തിരുവനന്തപുരം
	നേമം	തിരുവനന്തപുരം
	തിരുവല്ലം	തിരുവനന്തപുരം
തളിപ്പറമ്പ്	ആന്തൂർ	കണ്ണൂർ
തളിപ്പറമ്പ	കോടിയേരി	കണ്ണൂർ
പൊന്നാനി	എഴുവാത്തുരുത്തി	മലപ്പുറം
നെയ്യാറ്റിൻകര	പെരുംപഴുതൂർ	തിരുവനന്തപുരം
കുന്നംകുളം	ആർത്താറ്റ്	തൃശ്ശൂർ
കൊയിലാണ്ടി	അരീക്കുളം	കോഴിക്കോട്
	പഞ്ചായത്തിലെ	
	3 വാർഡുകൾ	

(ബി) ഭൂപ്രദേശങ്ങളുടെ കിടപ്പും ഗ്രാമീണസ്വഭാവവും കണക്കിലെടുത്താണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

(സി) ഇതിന്റെ ഫലമായി ആറ്റിപ്ര, നേമം, തിരുവല്ലം, ആന്തൂർ, കോടിയേരി, എഴുവാത്തുരുത്തി, പെരുംപഴുതൂർ, ആർത്താറ്റ് എന്നീ എട്ട് പഞ്ചായത്തുകൾ നിലവിൽ വരുന്നതാണ്.

(ഡി) 50,000-ൽ കൂടുതൽ ജനസംഖ്യ ഉള്ളതും 30 സ്ക്വയർ കി. മീറ്ററിൽ കൂടുതൽ വിസ്തൃതി ഉള്ളതുമായ താഴെ പറയുന്ന പഞ്ചായത്തുകളെ വിഭജിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്:

പഞ്ചായത്തുകളുടെ പേര്	ജില്ല
1. ചാത്തന്നൂർ	കൊല്ലം
2. കടയ്ക്കൽ	,,
3. തൃക്കോവിൽവട്ടം	,,
4. മുണ്ടക്കയം	കോട്ടയം
5. മൂന്നാർ	ഇടുക്കി
6. മണ്ണാർക്കാട്	പാലക്കാട്
7. തവന്നൂർ	മലപ്പുറം
8. ചീക്കോട്	,,
9. താമരശ്ശേരി	കോഴിക്കോട്

2/2309/12/DTP.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വാർഡുകളുടെ പുനഃസംഘടന സംബന്ധിച്ചുള്ള കേരള പഞ്ചായത്ത്‌രാജ് ആക്ട് നിയമത്തിലെ വ്യവസ്ഥകൾ താഴെ കൊടുത്തിരിക്കുന്നു;

(1) ഓരോ പഞ്ചായത്തിന്റെയും അതിന് എത്ര സ്ഥാനങ്ങളുണ്ടോ അത്രയും നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതും അപ്രകാരമുള്ള നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കേണ്ടതുമാണ്.

(2) ഓരോ നിയോജകമണ്ഡലത്തിലെയും ജനസംഖ്യ പ്രായോഗികമാകുന്നിടത്തോളം ആ പഞ്ചായത്തു പ്രദേശത്തിലൊട്ടാകെ ഒന്നുതന്നെ ആയിരിക്കേണ്ടതാണ്.

(3) ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജകമണ്ഡലമായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമപഞ്ചായത്തിന്റെ നിയോജകമണ്ഡലത്തെയോ, ഒരു ജില്ലാ പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജകമണ്ഡലങ്ങളായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമപഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ നിയോജകമണ്ഡലത്തെയോ ഒന്നിലധികം ഭാഗങ്ങളായി വേർതിരിക്കാത്ത വിധത്തിൽ നിശ്ചയിക്കേണ്ടതാണ്.

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അതിർത്തികൾ നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഡീലിമിറ്റേഷൻ കമ്മീഷൻ മേൽ സൂചിപ്പിച്ചിട്ടുള്ള കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിക്കുന്നതാണ്.

ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം

6 [*153] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിലും സമീപ പ്രദേശങ്ങളിലും കാലാകാലങ്ങളിലുണ്ടാകുന്ന മഞ്ഞപ്പിത്ത ബാധയ്ക്ക് ആശുപത്രിയിലെ ബയോമെഡിക്കൽ വേസ്റ്റ് കാരണമാകുന്നുണ്ടോ;

(ബി) ഇത്തരം വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഭാവിയിൽ ഇത്തരത്തിലുള്ള രോഗബാധകൾ ഉണ്ടാകാതിരിക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly